

ഭാവിയിൽ
നമുക്ക്
ഒരുമിച്ച്
അഭിനയിക്കണം...

വിഷ്ണുനാഥിനോട്
നടൻ ജയസൂര്യ

പേജ് II

# നീലയിൽ വരൂ സമ്മാനം നേടൂ

## ■ കാണികൾക്കായി കളർ റിയാലിറ്റി ഷോ
## ■ ഇന്നത്തെ നിറം– നീല

നീല നിറമുള്ള വസ്ത്രമോ ആഭരണങ്ങളോ എന്തെങ്കിലും കയ്യിലുണ്ടോ? ഉണ്ടെങ്കിൽ ഇതാ പുറത്തെടുക്കാൻ സമയമായി. കാഞ്ഞങ്ങാട്ടെ സ്കൂൾ കലോത്സവ വേദികളിൽ ഇന്നു നീലയണിഞ്ഞു വന്നാൽ തിരിച്ചു പോരുമ്പോൾ കയ്യിലൊരു സമ്മാനവുമുണ്ടാകും; ഭാഗ്യം കൂടി തുണച്ചാൽ.
കലോത്സവത്തിനെത്തുന്ന കാണികൾക്കായി മനോരമയും ഇമ്മാനുവൽ സിൽക്സും ചേർന്നൊരുക്കുന്ന 'കളർ റിയാലിറ്റി ഷോ'യിൽ 10 പേർക്കു ഗിഫ്റ്റ് വൗച്ചറുകൾ സമ്മാനം ലഭിക്കും. നീലയുടെ ഏതു ഷെയ്ഡിലുമുള്ള വസ്ത്രമോ ആക്സസറിയോ ധരിക്കാം. മനോരമ സംഘം നിങ്ങളെക്കാത്തു കലോത്സവവേദികളിലുണ്ടാകും!

Emmanuval SILKS
KANHANGAD KANNUR THRISSUR



## ഇവരുടെ കഥയറിയാമോ?
പേജ് IV കാണൂ!

കേരള
സ്കൂൾ
കലോത്സവം
നവംബർ 28 – ഡിസംബർ 1

മലയാള മനോരമ

# കാസർ...ഗോഡ്
## ഇത് കലയുടെ കാസർകോടാ!

2019
നവംബർ 29
വെള്ളി



കാഞ്ഞങ്ങാട്ടു നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനത്തിൽ പങ്കെടുത്തു മടങ്ങുന്ന നടൻ ജയസൂര്യ.

# പെരുങ്കാണിയാട്ടം



**കലയെയും കലാകാരന്മാരെയും നാടു നെഞ്ചേറ്റുകയാണ്. ഒട്ടെല്ലാ വേദികളിലും സൂചികുത്താൻ ഇടമില്ലാത്ത വിധം കാണികളുടെ തിരക്ക്. പല നാടുകളിൽനിന്ന് മത്സരിക്കാനെത്തിയവർക്ക് സ്നേഹവും സഹായവുമായി നാട്ടുകാരും സംഘടനകളും. സംസ്ഥാന സ്കൂൾ കലോത്സവം പെരുങ്കളിയാട്ടം പോലെ ആഘോഷിക്കുകയാണ് കാഞ്ഞങ്ങാട്ടുകാർ; ഇതു കാഞ്ഞങ്ങാടിന്റെ പെരുങ്കാണിയാട്ടം...!**

ഹൈസ്കൂൾ ആൺകുട്ടികളുടെ കഥകളിയിൽ എ ഗ്രേഡ് നേടിയ ആദിഷ് പ്രമോദ് (കണ്ണൂർ സെന്റ് മൈക്കിൾസ് എച്ച്എസ്എസ്)

**മനോരമ ലേഖകൻ**

ഒരു പ്രത്യേക അറിയിപ്പ്: സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് ഈ വരുന്ന 30നു വെള്ളിക്കോത്ത് മഹാകവി പി സ്മാരക ഗവൺമെന്റ് സ്കൂളിൽ നടക്കുന്ന ഹയർ സെക്കൻഡറി വിഭാഗം നാടകമത്സരത്തിൽ പങ്കെടുക്കാനെത്തുന്നവർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും സർവോപരി നാട്ടാർക്കും സൗജന്യമായി ഉഗ്രൻ സദ്യ. പത്തുകൂട്ടം കറികൾ, അടപ്രഥമൻ...

ഇതു നാട്ടുകാരുടെ പ്രഖ്യാപനമാണ്. കാഞ്ഞങ്ങാട്ടുകാർ കലോത്സവം അങ്ങ് നെഞ്ചേറ്റിക്കഴിഞ്ഞു. താമസിക്കാനിടമില്ലാത്തവരെ വീടുകളുടെ വാതിൽ മലർക്കെ തുറന്നിട്ടു ഭക്ഷണമടക്കം നൽകി സ്വീകരിക്കുന്നു. സർവോപരി അവർ മൽസരവേദികളെ ആൾക്കൂട്ടം കൊണ്ടു നിറയ്ക്കുന്നു. ഇന്നലെ കലോത്സവത്തിന്റെ ഉദ്ഘാടനം നടക്കുന്നതിനും 2 മണിക്കൂർ മുൻപേ ഐങ്ങോത്ത് ഗ്രൗണ്ടിലെ പ്രധാന വേദിയിലേക്ക് ആളൊഴുക്കായിരുന്നു. ഉദ്ഘാടനത്തിനു മുൻപേ മൈതാനം ആൾമൈതാനമായി നിറഞ്ഞു. മത്സരങ്ങൾ ആരംഭിച്ച പല വേദികളിലേക്കും അപ്പോഴേക്കും ആളെത്തി. ഹൈവേയുടെ അരികിൽ പലയിടത്തായി നീണ്ടുകിടക്കുന്ന വേദികളിലൊന്നും കാണികൾക്കു ക്ഷാമമില്ല; അതേ, ഇതു കാഞ്ഞങ്ങാട്ടുത്സവമാണ്.

മത്സരാർഥികളും നാട്ടുകാരും കലോത്സവ വേദികളിലൂടെ ഒഴുകിയപ്പോൾ ഹൈവേയും ഇടവഴികളും കുരുക്കിലായി. ആദ്യവേദിയിൽ നിന്ന് അവസാന വേദിയിലെത്താൻ ഒരുമണിക്കൂറിലേറെ സമയമെടുത്തു. ഇതു മത്സരാർഥികളെ ബാധിച്ചെങ്കിലും കലോത്സവനഗരിക്ക് ഉത്സവച്ഛായ പകർന്നു.

മോഹിനിയാട്ടം, സംഘനൃത്തം, ചവിട്ടുനാടകം, വട്ടപ്പാട്ട്, ദഫ്മുട്ട്, മോണോ ആക്ട്, മിമിക്രി, നാടകം തുടങ്ങി ജനപ്രിയ ഇനങ്ങൾ ആദ്യദിനം തന്നെ വേദിയേറിയതാണു കലോത്സവത്തെ കളറാക്കിയത്. ഭരതനാട്യം, ഒപ്പന, തിരുവാതിര, സ്കിറ്റ്, മോണോ ആക്ട്, പഞ്ചവാദ്യം തുടങ്ങി ആഘോഷ ഇനങ്ങൾ ഇന്നുമുണ്ട്.



മോഹിനീ, കുഞ്ഞു നോവിനി: കമ്മലിടുന്നതിനിടെ വേദന കൊണ്ടു കണ്ണടയ്ക്കുന്ന നർത്തകി.

## ആരും വെറുംകയ്യോടെ പോകരുത്; എല്ലാവർക്കുമുണ്ട് ട്രോഫി

വയറുനിറഞ്ഞവന്റെ പുഞ്ചിരിയോളം വരില്ല മറ്റൊന്നും എന്ന് എഴുതിവച്ചിരിക്കുന്ന സബർമതി ഊട്ടുപുര, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്നെഴുതിവച്ചു നഗരിയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്ന സേനകൾ, ജാഗ്രതയോടെ വേദികൾക്കരികിൽ കാവൽനിൽക്കുന്ന ആംബുലൻസ് ഡ്രൈവേഴ്സ് ആൻഡ് ഓണേഴ്സ് അസോസിയേഷൻ അംഗങ്ങൾ, താൽകാലിക ഡിസ്പൻസറിയുമായി രംഗത്തുള്ള ആയുഷ് ഹോമിയോപ്പതി വകുപ്പ്, റെഡ്ക്രോസ് സൊസൈറ്റി... അങ്ങനെ സഹായഹസ്തങ്ങൾ.

ട്രോഫി കമ്മിറ്റിയുടെ അറിയിപ്പിലുണ്ട് കലോത്സവത്തിനോട് ഈ നാടു കാട്ടുന്ന സ്നേഹം: ''ഇവിടെ മത്സരിക്കാനെത്തുന്ന ഒരു കുട്ടിയും വെറുംകയ്യോടെ പോകരുത്... അതു ഞങ്ങൾക്കു നിർബന്ധമാണ്. അതിനാൽ പങ്കെടുക്കുന്ന എല്ലാവർക്കും ഞങ്ങൾ ട്രോഫി സമ്മാനിക്കും...''

ബ്ലോക്കും ഷോക്കും പേജ് IV